പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7191

16/07/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

കേരള ഭൂബാങ്ക് പ്രോജക്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരള ഭൂബാങ്ക് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സർക്കാർ ഭൂമിയുടെ സംരക്ഷണവും പരിപാലനവും വികേന്ദ്രീകൃത രീതിയിലാണ് നിർവ്വഹിച്ചു വന്നിരുന്നത്. സർക്കാർ ഭൂമിയുടെ സംരക്ഷണം പ്രധാനമായും വില്ലേജ് ആഫീസർ/വില്ലേജ് അസിസ്റ്റന്റ് എന്നിവരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സർക്കാർ ഭൂമികളെ സംബന്ധിച്ച അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ എന്നിവ വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, സർവെ ഓഫീസ് എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ മാറ്റങ്ങളോ രേഖപ്പെടുത്തലുകളോ (മേലധികാരികളുടെ ഉത്തരവോടുകൂടി) വരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ മാത്രമാണ് നിക്ഷിപ്തമായിട്ടുള്ളത്. ഇത്തരത്തിലുള്ള നടപടികളിൽ ശരിയായ രീതിയിൽ മേൽനോട്ടം നടത്തുകയോ അല്ലെങ്കിൽ മാറ്റങ്ങൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്തതുമൂലം മേൽപ്പറഞ്ഞ രജിസ്റ്ററുകളിൽ കൃത്രിമം കാണിച്ച് അനധികൃത മാറ്റങ്ങൾ വരുത്തിയിട്ടുള്ള നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. അതോടൊപ്പം മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തിരിച്ചു കിട്ടാനാവാത്ത വിധം നഷ്ടപ്പെടുവാനും ഇടയായിട്ടുമുണ്ട്.<br>ഇത്തരം പ്രവൃത്തികൾ തടയുന്നതിനും സർക്കാർ വക ഭൂമികൾ ഗൗരവമായി തന്നെ സംരക്ഷിക്കുന്നതിനും |

വേണ്ടി സംസ്ഥാന തലത്തിൽ പൊതു ജനസഹകരണത്തോടെ സുതാര്യമായ രീതിയിൽ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ എല്ലാ സർക്കാർ ഭൂമിയുടെയും വിവരങ്ങൾ കേന്ദ്രീകൃതമായ രീതിയിൽ രേഖപ്പെടുത്തി വിവേക പൂർവ്വം വിനിയോഗിക്കുക എന്ന ഉദ്ദേശ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിന് രൂപം നല്കിയിട്ടുള്ളത്.

(ബി) ഭൂമികയ്യേറ്റം ഒഴിവാക്കുന്നതിനായി സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം, അതിര്, അടയാളം സഹിതമുള്ള പട്ടിക തയ്യാറാക്കി യിട്ടുണ്ടോ; വില്ലേജ്തല വിവരം ലഭ്യമാണോ?

(ബി) കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ഭൂമികളുടെ വിസ്തീർണ്ണം അതിര്, അടയാളം തുടങ്ങിയ വിവരങ്ങൾ ഫോട്ടോ ഉൾപ്പെടെ വില്ലേജ് താലൂക്ക് അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിന്റെ www.kslb.keralagov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ